**MOTHER TERESA**
**HIGH SCHOOL**
**MUHAMMA 2019-2020**

# ജെറ്റ്



# എഡിറ്റോറിയൽ ബോർഡ്



ആഷ്‌ലി റ്റി കെ - ചീഫ് എഡിറ്റർ

ജ്യുസ്സൻ ബിനു -9B

എബി ഷൈജു-9B

ശ്രീഹരി പി -9A

ജിനോ മാത്യു -9B

സാനിയ ബാബു -9B

വൃന്ദ വേണുഗോപാൽ-9A

കൃഷ്ണപ്രിയ പി-9A

ദേവിക കെ -9B

## കവർപേജ് ഡിസൈൻ

സന്ദീപ് കേശവ് -10C





നിങ്ങളുടെ കണ്ണുകൾ
 പോസിറ്റീവ് ആണെങ്കിൽ
നിങ്ങൾ ഈ ലോകത്തെ

# സ്നേഹിക്കും

എന്നാൽ നിങ്ങളുടെ നാക്ക്
 പോസിറ്റീവ് ആണെങ്കിൽ
ലോകം നിങ്ങളെ

# സ്നേഹിക്കും

# എഡിറ്റോറിയൽ



**ആഷ്‌ലി റ്റി കെ**

സാങ്കേതികലോകത്തെക്കുറിച്ച് കൂടുതൽ അറിയാനും പഠിക്കുവാനും കുട്ടികൾക്ക് അവസരം തുറന്നുതരുന്ന വേദിയാണ് ലിറ്റിൽ കൈറ്റ്സ്. ടെക്നോളജി വിജയം നേടിക്കൊണ്ടിരിക്കുന്ന ഈ നവയുഗത്തിൽ പേപ്പർ മാഗസിനേക്കാൾ ഡിജിറ്റൽ മാഗസിന് പ്രസക്തിയേറും എന്നതിൽ സംശയമില്ല. ഡിജിറ്റൽ ലോകം മുന്നേറിനിൽക്കുന്ന ഈ തലമുറയിൽ പാഠപുസ്തകത്തേക്കാൾ കംപ്യൂട്ടർ ഉപയോഗിച്ചുള്ള പഠനം നടക്കുന്ന ഈ കാലഘട്ടത്തിൽ കുട്ടികളുടെ സർഗാത്മകകഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പി ക്കുന്നതിനായി നാം 'ജെറ്റ് ' എന്ന പേരിൽ ഒരു മാഗസിൻ പ്രസിദ്ധീകരിക്കുന്നു..നമ്മുടെ സ്കൂളിലെ കുട്ടികളുടെ കലാപരമായ കഴിവുകൾ നിഴലിച്ചുകാണുന്ന മാഗസിനിന്റെ ചീഫ് എഡിറ്ററാകാൻ കഴിഞ്ഞതിൽ ഞാൻ അഭിമാനിക്കുന്നു.. കവിതകൾ, ലേഖനങ്ങൾ, ക്വിസ് തുടങ്ങിയവ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ മാഗസിൻ പൂർത്തിയാക്കാൻ സഹകരിച്ച എല്ലാ കൂട്ടുകാർക്കും ,ഞങ്ങൾക്കു വേണ്ട മാർഗനിർദ്ദേശം നൽകിയ എല്ലാ അദ്ധ്യാപകർക്കും നന്ദി രേഖപ്പെടുത്തുന്നു.

സ്നേഹപൂർവം
ചീഫ് എഡിറ്റർ.

# ആശംസ

മദർ തെരേസ ഹൈസ്കൂൾ ഹൈടെക് സംവിധാനത്തിന്റെ ഔന്നത്യത്തിന് ചുക്കാൻ പിടിക്കുന്ന ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് വാക്കുകളും വരകളും നിറക്കൂട്ടുകളും ചാലിച്ച് അർത്ഥവത്തായി തയ്യാറാക്കിയ ഈ മാഗസിൻ "ജറ്റ്'' അവരുടെ സർഗ്ഗശേഷിയുടെ ഉദാത്തമായ പ്രകടനമാണ് .വർത്തമാന കാലത്തിന്റെ ഗതിക്കനുസൃതം നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നൽകി യൂണിറ്റിന് കരുത്ത് പകരുന്ന ശ്രീമതി.മിനി വർഗ്ഗീസ് ടീച്ചറിനും,ജയിംസ്കുട്ടി സാറിനും ജറ്റിന്റെ അണിയറ ശിൽപികൾക്കും നന്ദി രേഖപ്പെടുത്തുന്നതിനോടൊപ്പം യുവമനസ്സിന്റെ ഈ നവസൃഷ്ടി കംപ്യൂട്ടർയുഗത്തിലേക്കുള്ള ഒരു വൻകുതിപ്പായി തീരട്ടേ എന്ന് ആശംസിക്കുകയും ചെയ്യുന്നു........

**ഹെഡ്മാസ്റ്റർ**

**മദർ തെരേസ ഹൈസ്കൂൾ**

**മുഹമ്മ**



# ആശംസ



ചേർത്തല വിദ്യാഭ്യാസ ജില്ലയിൽ പാഠ്യ- പാഠ്യേതര പ്രവർത്തനങ്ങളിൽ ഒന്നാം സ്ഥാനത്ത് നിൽകുന്ന മുഹമ്മ മദർ തെരേസാ സ്കൂൾ ഹൈടെക് ആക്കിയിട്ട് ഒരു വർഷം തികയുന്നു. ഇതിന്റെ ഫലമായി കുട്ടികളുടെ പഠനനിലവാരവും, ഐ.സി.ടി ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള മികവും വർദ്ധിച്ചിട്ടുണ്ട്. ഈ കഴിവുകൾ പ്രയോജനപ്പെടുത്തി കുട്ടികളുടെ സർഗാത്മക സൃഷ്ടികൾ ഡിജിറ്റൽ രൂപത്തിലാക്കാൻ ഈ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് കുട്ടികൾ നടത്തിയ എളിയ ശ്രമത്തിന്റെ ഫലമാണ് "ജറ്റ്" എന്ന ഡിജിറ്റൽ മാഗസിൻ ഇതിലേയ്ക്ക് സൃഷ്ടികൾ നടത്തിയ എല്ലാ കുട്ടുകാരേയും അഭിനന്ദിക്കുന്നു. എല്ലാവിധ ആശംസകളും നേരുന്നു.

സ്നേഹപൂർവ്വം

**സ്കൂൾ ഐടി കോർഡിനേറ്റർ**

**മിനി വർഗ്ഗീസ്.കെ**



# മദർ തെരേസ ഹൈസ്കൂൾ

## മുഹമ്മ

മുഹമ്മയിലെ ജനങ്ങളുടെ ചിരകാലസ്വപ്നം സാക്ഷാത്കരിച്ചുകൊണ്ട് മദർ തെരേസാ ഹൈസ്കൂൾ 1982 ജൂൺ 1ന് പ്രവർത്തനമാരംഭിച്ചു. അക്കാലത്ത് മുഹമ്മ നസ്രത്ത് കാർമ്മൽ ഹൗസിന്റെ സുപ്പീരിയറായിരുന്ന ഫാ. മാത്യു പോളച്ചിറയുടെ കഠിന പരിശ്രമമാണ് സ്കൂൾ ആരംഭിക്കാൻ സഹായകമായത്. തുടക്കത്തിൽ 8-ാം ക്ലാസിൽ 2 ഡിവിഷനുകളിലായി 88 കുട്ടികളുണ്ടായിരുന്ന സ്കൂളിന്റെ മാനേജർ ഫാ. മാത്യു പോളച്ചിറയും, ടീച്ചർ ഇൻചാർജ്ജ് ശ്രീമതി. ആനി കുഞ്ജറിയായും ആയിരുന്നു. ഇന്നിപ്പോൾ ഫാ. തോമസ് അലക്സാണ്ടർ CMI (HM)ന്റെ നേതൃത്ത്വത്തിൽ 14 ഡിവിഷനുകളിൽ 475 കുട്ടികൾ ഇവിടെ വിദ്യ അഭ്യസിക്കുന്നു. പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ ചേർത്തലവിദ്യാഭ്യാസജില്ലയിലെ മുൻനിരയിലെ സ്കൂളാണ് മദർ തെരേസാ സ്കൂൾ. വെറും വിജ്ഞാന സമ്പാദനം മാത്രമല്ല വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം ഒരു വ്യക്തിയുടെ സമഗ്രമായ വളർച്ചയാണ് . ഈ ലക്ഷ്യം മുൻനിർത്തിയുള്ള പാഠ്യേതര പ്രവർത്തനങ്ങളാണ് ഇവിടെ നടക്കുന്നത്.

സ്കൂളിന്റെ ഉന്നമനത്തിനുവേണ്ടി കാലാകാലങ്ങളിൽ പ്രവർത്തിച്ച മാനേജർമാർ, പ്രഥമാദ്ധ്യാപകർ, അധ്യാപകർ, അനധ്യാപകർ, പൂർവ്വ വിദ്യാർത്ഥികൾ, മാതാപിതാക്കൾ, നല്ലവരായ നാട്ടുകാർ, എല്ലാവർക്കും നന്ദിയർപ്പിക്കുന്നു.

# ഇതളുകൾ വിരിയുമ്പോൾ ......


| | |
|---|---|
| വിവരസാങ്കേതികവിദ്യ-ഗുണദോഷവിചിന്തനം ...................... | 8 |
| കാരുണ്യ വഴിയിൽ മദർ തെരേസായുടെ തൈത്രയാത്ര........ | 11 |
| കാരുണ്യം......................................................................... | 13 |
| അമ്മ ...................................................................... | 14 |
| സ്റ്റാറായി കേരളം............................................................ | 15 |
| മലയാളചെറുകഥയുടെ നാൾവഴികൾ....................... | 16 |
| കണ്ണീർമഴ........................................................................ | 20 |
| ഗാന്ധിജിയുടെ ഹിന്ദ് സ്വരാജ്.................................... | 22 |
| പ്രകൃതി എന്റെ അമ്മ ................................................. | 23 |
| വാളയാർ സഹോദരിമാർക്കുവേണ്ടി .......................... | 24 |
| പഴഞ്ചൊല്ലുകൾ ............................................................ | 25 |
| പ്രവർത്തനറിപ്പോർട്ട് .................................................. | 28 |
| ആവർത്തനപ്പട്ടിക ....................................................... | 32 |
| ചിത്രശാല ........................................................................ | 36 |
| I T QUIZ ...................................................................... | 26 |
| I T QUIZ -ANSWERS ................................................. | 27 |
| THE STORY OF ELECTRICITY ............................. | 30 |
| SONG OF THE RAIN ................................................ | 34 |

# വിവരസാങ്കേതികവിദ്യ-ഗുണദോഷവിചിന്തനം



**അമൃത എ പൈ**

വിവരസാങ്കേതികവിദ്യ ഇന്നത്തെക്കാലത്തെ ഉപേക്ഷിക്കാനാവാത്ത വിദ്യ! സ്കൂളുകളിലെ ഐടി ലാബുകളിലും ഓഫീസുകളിലും ഒഴിച്ചുകൂടാനാകാത്ത ഒരു സാങ്കേതികവിദ്യയാണിത്. വിവരസാങ്കേതികവിദ്യയ്ക്ക് പലതരം ഉപയോഗങ്ങളും അതേപോലെ ദോഷങ്ങളും ഉണ്ട്. സ്കൂളുകളിൽ ഉപയോഗിക്കുന്ന 'സമഗ്ര', 'ദിക്ഷ' പോലുള്ള ഐടി വെബ്സൈറ്റുകൾ കുട്ടികളെ അവർ പഠിക്കുന്ന പാഠങ്ങൾ വളരെ എളുപ്പമാക്കാൻ സഹായിക്കുന്നു. ഇപ്പോൾ വിവരസാങ്കേതികവിദ്യ വളരെയധികം പുരോഗമിച്ചുകഴിഞ്ഞു. എല്ലാ സ്കൂളുകളിലും ഐടി ലാബുകൾ, ഓരോ മുറികളും 'സ്മാട്ട് റൂം' എന്നിവയെല്ലാം ഈ വളർച്ചയ്ക്ക് ഉത്തമോദാഹരണങ്ങളാണ്. ഇന്നത്തെക്കാലത്തെ കുട്ടികൾ, അവരവരുടെ ക്ലാസ് മുറികളിലെ സൗകര്യങ്ങൾ കൊണ്ടുതന്നെ ഉന്നതരാകുന്നു. പ്രൊജക്ടറിലെ ദൃശ്യങ്ങളും പാഠപുസ്തകങ്ങളിലുള്ള 'ക്യൂ ആർ കോഡും' അവരെ പഠിച്ച കാര്യങ്ങൾ ദൃശ്യാവിഷ്കരിക്കാൻ സഹായിക്കുന്നു. വിദ്യാഭ്യാസരംഗത്തെ ഉപയോഗമാണ് കൂടുതൽ. ഇതുപോലെതന്നെ ഓഫീസുകളിലും മറ്റും വിവരങ്ങൾ ഡ്രാഫ്റ്റ് ചെയ്യാനുമെല്ലാം ഇവ സഹായിക്കുന്നു.

വിദ്യാഭ്യാസമേഖലയിൽ ഇതിന് ആക്കം കൂട്ടുന്നതിനായും കുട്ടികളിലെ ഐടി പ്രതിഭകളെ കണ്ടെത്തുന്നതിനായും

വിവിധതരം ക്ലബ്ബുകൾ പ്രവർത്തിക്കപ്പെടുത്തിയിട്ടുണ്ട്. ഇതിലൊന്നാണ് 'ലിറ്റിൽ കൈറ്റ്സ്' കേരളത്തിലെ മിക്ക ഹൈസ്കൂളുകളിലും ലിറ്റിൽ കൈറ്റ്സിന്റെ ഒരു യൂണിറ്റുണ്ടാവും. അതിൽ ആനിമേഷൻ, സിനിമാനിർമ്മാണം, കാൽക്കുലേറ്റർ ആപ്പ് നിർമ്മാണം, ഡോക്യുമെന്ററി തുടങ്ങി വിവിധതരം പരിശീലനങ്ങളുണ്ടാവും. ഇതുപോലുള്ള ഉപയോഗങ്ങൾ പലതുമുണ്ട്. വഴിതെറ്റിപ്പോയവരെ സഹായിക്കാനായി 'ഗൂഗിൾ മാപ്പ്' പോലുള്ള സംവിധാനങ്ങളും പെട്ടെന്ന് ഏതെങ്കിലും വാക്കിന്റെ അർത്ഥം നോക്കാനായി 'e-dictionary' കളും ഇപ്പോൾ ഫോണുകളിലുണ്ട്. ഗവൺമെന്റിന്റെ അക്ഷയ-ഇ-കേന്ദ്രങ്ങൾ പാവപ്പെട്ടവരെ സഹായിക്കാനുമുണ്ട്. ഗവൺമെന്റ് ഓഫീസുകളിൽപ്പോയി ക്യൂ നിന്ന് കാര്യം സാധിക്കുന്നതിന് പകരം അവിടെച്ചെന്നാൽ എളുപ്പമായി സാധിക്കാം. ഗ്രാമങ്ങളിലും മറ്റും വിവരസാങ്കേതികവിദ്യയ്ക്ക് പ്രാധാന്യം നൽകുന്നതിനാണ് അത്. കുട്ടികൾക്ക് അർഹതപ്പെട്ട സ്കോളർഷിപ്പ് നൽകാനും ആധാർകാർഡിലെ തെറ്റുകൾ തിരുത്താനും ഉപകാരപ്രദമാണ്.

നമുക്ക് ഇത്രയേറെ ഉപകാരം ചെയ്യുന്ന് ഈ മേഖലയ്ക്ക് ഒരുപാട് ദോഷങ്ങളും ഉണ്ട്. ഈ മേഖലയെ മുതിർന്നവരെന്നപോലെ കുട്ടികളും ദുരുപയോഗം ചെയ്യുന്നു. 'സൈബർ ക്രൈം' പോലുള്ള വൻ ചതിക്കുഴികളിൽ അവർ പെട്ടുപോകുന്നു. പണ്ടത്തെക്കാലത്ത്. ഒരു വീട്ടിൽ ഒരു ഫോൺ പോലും ഇല്ലായിരുന്നു. എന്നാൽ ഇന്ന് ഓരോ വീട്ടിലും, എന്തിനു പറയുന്നു, പറക്കമുറ്റാത്ത കുട്ടികളുടെ കയ്യിലും മൊബൈൽ ഫോണുകളുണ്ട്. ഇന്നത്തെക്കാലത്ത് കണ്ടുവരുന്ന മറ്റൊരുകാര്യമാണ് കുട്ടികൾ ടിവിയോ ഫോണോ ഇല്ലാതെ ഭക്ഷണം പോലും കഴിക്കില്ല. കണ്ടാൽ തോന്നും അവർ ഫോണാണ് കഴിക്കുന്നതെന്ന്. ഇത് മാതാപിതാക്കൾ കണ്ടില്ലെന്ന് നടിക്കുന്നു. സ്വന്തം മക്കളെ നോവിക്കാതെ അവരെ സങ്കടപ്പെടുത്താതെ അവർ പറയുന്ന എന്തുകാര്യവും, അതു നല്ലതോ ചീത്തയോ ആകട്ടെ അവർ നടത്തിക്കൊടുക്കുന്നു. എന്നാൽ അവർ അറിയുന്നില്ല, അവർ തകർക്കുന്നത് സ്വന്തം മക്കളുടെ ഭാവിജീവിതമാണെന്ന്.'സൈബർ ക്രൈമിലെ' കാര്യമാകട്ടെ,

ഫോണിന്റെയും ഇന്റെർനെറ്റിന്റെയും ചതിയിൽപ്പെട്ട് നശിച്ച, അല്ലെങ്കിൽ നരകതുല്യമായ എത്രയോ ജീവിതങ്ങൾ! എറണാകുളത്തെ ഒരു സാധാരണ വീട്ടമ്മ! സ്വന്തം ചിത്രം ആരോ പകർത്തി, അതിനെ മോർഫ് ചെയ്ത് നഗ്നമാക്കിത്തീർത്ത് ഇന്റെർനെറ്റിൽ പോസ്റ്റ് ചെയ്തിട്ടും, അതുകണ്ട് സ്വന്തം മക്കളും ഭർത്താവും അവരെ ഇട്ടിട്ട് പോയിട്ടും അവർ തകർന്നില്ല. അത് തന്റെ തെറ്റല്ലെന്ന് ന്യായീകരിക്കാൻ പന്ത്രണ്ട് വഷം അവർ നിയമത്തോട് പോരാടി. ഇതുപോലെ അമ്മ ഫോൺ  തരില്ലെന്ന് പറഞ്ഞതിന് ആത്മഹത്യ ചെയ്ത കൗമാരക്കാരൻ, 'ബ്ലൂവെയിൽ','മോമോ' തുടങ്ങിയ ആത്മഹത്യാപ്രേരണയുള്ള ഗെയിമുകൾ കളിച്ച് ജീവിതം തുലച്ച ഒട്ടനേകം വ്യക്തികൾ, ഇവരെല്ലാം ഇതിന് അടിമകളാണ്.

വിവരസാങ്കേതികവിദ്യ നമുക്ക് തരുന്നത് ആവശ്യമായ കാര്യങ്ങളാണ്. അതിൽ അനാവശ്യമായതുമുണ്ട്. ഈ വിദ്യയെ കേരളത്തിലെയെന്നല്ല! ഇന്ത്യയിലെതന്നെ, അതുമല്ലെങ്കിൽ ലോകത്തിലെ തന്നെ മികച്ച സംവിധാനമാക്കാൻ നമുക്ക് സാധിക്കും. അതിന്, അതിന്റെ ദുരുപയോഗം കുറച്ചാൽ മതി. സമൂഹത്തെ അതിനെക്കുറിച്ച് ബോധവാന്മാരാക്കാൻ നമുക്കാവും. ഇന്റെർനെറ്റിന്റെ ദൂഷ്യഫലത്തെക്കുറിച്ച് സ്കൂളുകളിലും മറ്റും ക്ലാസുകളെടുക്കാം, തെരുവുനാടകങ്ങൾ നടത്താം,seminar, skit, തുടങ്ങിയവ അവതരിപ്പിക്കാം. ഗ്രാമക്കൂട്ടായ്മകളിലും നഗരങ്ങളുടെ ഇടയിലും ഇതിനെപ്പറ്റി ബോധവത്കരണ ക്ലാസുകളെടുക്കാം. നമ്മുടെ സമൂഹത്തെ ഉത്ബോധിപ്പിക്കാം, 'സൈബർ ക്രൈം' എന്നത് ഒരു കഠിന കുറ്റമാണ്. അത് ചെയ്യുന്നവർ ജയിൽ ശിക്ഷ വരെ അനുഭവിക്കാം. അതിന് വിധേയരാവാതിരിക്കാൻ നമുക്ക് ശ്രമിക്കാം, വിവരസാങ്കേതികവിദ്യ ഇനിയും ഉയരത്തിലെത്തിക്കുവാൻ ഒറ്റക്കെട്ടായി പോരാടാം, ഇത് ഒരു ആഗോള വിഷയമാക്കി ലോകത്തിന്റെ നാനാദിക്കിലും എത്തിക്കാം. ഇതിനെ അതായത് ഐ ടി മേഖലയെ ഏവരുടെയും പ്രിയപ്പെട്ട ഒന്നാക്കാൻ ശ്രമിക്കാം.

# കാരുണ്യ വഴിയിൽ മദർ തെരേസായുടെ ജൈത്രയാത്ര

ആർത്തരുടെയും ആലംബഹീനരുടെയും അമ്മയായ വി. മദർതെരേസയുടെ നാമം പേറുന്ന ചേർത്തല വിദ്യാഭ്യാസ ജില്ലയിലെ മദർതെരേസാ ഹൈസ്കൂൾ പഠനത്തോടൊപ്പം കാരുണ്യത്തിൻെ വഴികളിലൂടെയും യാത്രചെയ്യുന്നത് ശ്രദ്ധേയമാകുന്നു. മെച്ചപ്പെട്ട പഠനത്തോടൊപ്പം മൂല്യബോധമുള്ള യുവതലമുറയെ രൂപപ്പെടുത്തുക എന്ന ഉത്തരവാദിത്വവും ശിരസാവഹിക്കുകയാണ് ഈ സ്കൂൾ. കഴിഞ്ഞ അധ്യയനവർഷത്തിൽ അദ്ധ്യാപകർ കുട്ടികളുടെ വീട്ടുസന്ദർശനത്തിലൂടെ കണ്ടെത്തിയ ഭവന രഹിതരായ കുട്ടികളിലൊരാൾക്ക് അദ്ധ്യാപക രുടെയും പൂർവ്വ വിദ്യാർത്ഥികളുടെയും മാതാപിതാക്കളുടെയും സുമനസു കളായ നാട്ടുകാരുടെയും സഹകരണത്തോടെ നടപ്പിലാക്കിയ "സഹപാഠിയ്ക്കൊരുവീട് "പദ്ധതിയിലൂടെ ഏഴ് ലക്ഷം രൂപ മുടക്കി വീട് നിർമ്മിച്ചുനൽകി. ഈ പദ്ധതിയുടെ തുടർച്ചയെന്നോണം ഈ വർഷത്തെ പ്രകൃതിക്ഷോഭത്തിൽ തകർന്നടിഞ്ഞ വയനാട്ടിലെ സഹോദരങ്ങൾക്ക് ഒരു കൈത്താങ്ങാകാൻ സ്കൂൾ വഴി ശേഖരിച്ച ജീവനോപാധി സാമഗ്രികൾ വയനാട്ടിലെ മേപ്പാടിയിൽ എത്തിച്ചുനൽകി. സ്കൂൾ ഹെഡ് മാസ്റ്റർ ഫാ. തോമസ് അലക്സാണ്ടർ സി.എം.ഐ. യുടെഅദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മുഹമ്മ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ജെ. ജെയലാൽ മുഖ്യപ്രഭാഷണം നടത്തി. മുഹമ്മ പോലീസ് സബ് ഇൻസ്പെക്ടർ ശ്രീ. ഓമനക്കുട്ടൻ ഫ്ലാഗ് ഓഫ് കർമ്മം നിർവ്വഹിച്ചു.



മാതൃഭൂമിയുടെ നൻമ പദ്ധതിയുമായി സഹകരിച്ചുകൊണ്ട് കുട്ടികളിലൂടെ വിതരണം ചെയ്ത പച്ചക്കറി വിത്തുകൾ ഉപയോഗിച്ച് അടുക്കളതോട്ടം പദ്ധതി വിജയകരമായി നടപ്പിലാക്കുവാൻ സ്കൂളിനു കഴിഞ്ഞു. കൂടാതെ വീട്ടുവളപ്പിൽ നട്ടുവളർത്താൻ പരിസ്ഥിതിസൗഹൃദ വായുശുചീകരണ ഔഷധസസ്യങ്ങൾ കുട്ടികളിലൂടെ വിതരണം ചെയ്തു. കുട്ടികളുടെയും മാതാപിതാക്കളുടെയും സഹകരണത്തോടെ സ്കൂളിന്റെ സമീപപ്രദേശത്തുള്ള അനാഥാലയങ്ങളിൽ ഉച്ചഭക്ഷണം വിതരണം ചെയ്യുന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. വിദ്യാർത്ഥികളുടെ മാതാപിതാക്കളിൽ മാരകരോഗികളായവർക്ക് അടിയന്തിര സന്ദർഭങ്ങളിൽ സാമ്പത്തിക സഹായം നൽകുന്നതിനായി സാധുജന സഹായനിധിയും സ്കൂൾ വഴി രൂപം നൽകിയിട്ടുണ്ട്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് "വീഷെയർ" പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. സ്കൂൾ ഹെഡ്മാസ്റ്റർ ഫാ. തോമസ് അലക്സാണ്ടർ, ഫാ. ജോസഫ് കുറുപ്പശ്ശേരി, ഫാ. സനീഷ് മാവേലിൽ, ശ്രീമതി സിസിലിയാമ്മ വർഗീസ് തുടങ്ങിയ അദ്ധ്യാപകർ ഇത്തരം നൻമ പ്രവർത്തികൾക്ക് മാർഗ്ഗദർശനം നൽകി കുട്ടികളോടൊപ്പം പ്രവർത്തിച്ചുവരുന്നു.

# കവിത

## കാരുണ്യം



സിസിലിയാമ്മ ടീച്ചർ

കരുണതൻ നിറവാം കരുണാസാഗരമാമെന്നമ്മ
ഈ ജഗത്തിൽ തമസ്സകറ്റുവാനുദയംചെയ്തോരെൻ
തേജോമയനാം ജഗത്തിൻ അധിപനാം ശ്രീയേശുനാഥൻതൻ പ്രിയപുത്രീ
ആരോരുമില്ലാതെ തെരുവിലലയുന്ന
പട്ടിണിപ്പാവങ്ങൾതന്നരുമയാമമ്മ
അമ്മിഞ്ഞപ്പാലിനായ് കേഴുന്ന ചെഞ്ചുണ്ടിൽ
തേന്തുറും മുത്തം പകർന്നുനൽകുന്നൊരീ കരുണാവാരിധിയമ്മ
തെരുവിലെ ഓടയിൽ അമരുന്ന രോദനം
ഒരാർത്തനാദംപോലമ്മതൻ ഹൃത്തിലാഞ്ഞടിച്ചു
ആലിംഗനത്തിലമർത്തിയ രൂപത്തിൽ അമ്മ ദർശിച്ചു ശ്രീയേശുനാഥനെ
ആയിരം അമ്മമാർതൻ സ്നേഹം ഒന്നിച്ചുനല്കിയാ
ആലംബഹീനർക്കായി കരുണാവാരിധിയാമമ്മ
അമ്മേ തെരുവിന്നഭയമായ് മാറിയ
പൊൻതാരകമേ മദർതെരേസാ
ചൊരിയണേ ഞങ്ങൾതൻ ഹൃത്തിലും
നിൻസ്നേഹമാധുരി എന്നുമെന്നും
നിറയട്ടെ ഞങ്ങൾതൻ ഹൃത്തിലും
അശരണർക്കായ് നീചൊരിഞ്ഞൊരു സ്നേഹവാത്സല്യം
മന്നിൽ പ്രഭതൂകി വിണ്ണിൽനിന്നുമീമക്കളിൽ കൃപചൊരിയുന്നതൻ നിറകുടമാമമ്മേ
ചൊരിയണേ നിൻകൃപ ഞങ്ങളിൽ
എന്നും അമ്മേ മദർ തെരേസാ
തൻ നിൻമക്കളിൽ


# കവിത



## അമ്മ

അഞ്ജുകൃഷ്ണ

സന്ധ്യതാരകം വിണ്ണിലുദിക്കവേ
അന്തികെ അണയുവാൻ എന്തു മോഹം
നിൻമടിത്തട്ടിലെൻ താരാട്ടിലിന്നെന്റെ
ജന്മം നിറയ്ക്കുവാൻ എന്തു മോഹം
അമ്മേ നിൻ ചിരി കാണുവാൻ എന്തു ചേല്
നാളുകളേറെയായ് നിന്നെ തിരിഞ്ഞു ഞാൻ
ഈ വഴി താരയിൽ നീങ്ങീടുമ്പോൾ
കാർമുകിൽ വർണ്ണന്റെ അമ്പിളിത്തെല്ലിനെ
മൂടവേ ഇന്നു ഞാൻ എന്തു ചെയ്യൂ
മേഘമേ ചെയ്തു നീ മാറുക മാരിയായ്
വാരിളം വെണ്ണിലവായിടട്ടേ
എങ്ങും വാത്സല്യത്തേൻ നിലവൊഴികിടട്ടെ



# സ്റ്റാറായി കേരളം



**വൃന്ദ വേണുഗോപാൽ**

കേന്ദ്രമാനവ വിഭവശേഷി വകുപ്പിന്റെ നേതൃത്വത്തിലുള്ള സ്റ്റാർസ് (സ്റ്റ്ങ്തനിങ് ടീച്ചിങ്-ലേണിങ് ആന്റ് റിസൾട്ട്സ് ഫോർ സ്റ്റേറ്റ്സ്) പദ്ധതിയിൽ കേരളത്തെയും ഉൾപ്പെടുത്തി.ലോകബാങ്ക് സഹായത്തോടെ നടപ്പാക്കുന്ന പദ്ധതിയിൽ ആറുവർഷംകൊണ്ട് 500 കോടിയുടെ സാമ്പത്തികസഹായം ലഭിക്കും കേരളത്തിനുപുറമേ ഹിമാചൽപ്രദേശ്, ഒഡീഷ,മധ്യപ്രദേശ്,രാജസ്ഥാൻ, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളാണുള്ളത്. 5425 കോടിയുടേതാണ് പദ്ധതി. പഠനനിലവാരം മെച്ചപ്പെടുത്തുക, സാമൂഹികവും ലിംഗപരവുമായ തുല്യത വിദ്യാഭ്യാസത്തിൽ നടപ്പാക്കുക, പ്രീ-സ്കൂൾ ഫലപ്രദമായി നടപ്പാക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ പദ്ധതിയിലുണ്ട്.

# മലയാള ചെറുകഥയുടെ നാൾവഴികൾ

'വിദ്യാവിനോദിനി' മാസികയിൽ 1891-ൽ (1066 കുംഭം) പ്രസിദ്ധീകരിച്ച വാസനാ വികൃതിയാണ് മലയാളത്തിലെ ആദ്യത്തെ ചെറുകഥ. പത്രപ്രവർത്തകനായിരുന്ന കേസരി വേങ്ങയിൽ കുഞ്ഞിരാമൻ നായനാരാണ് വാസനാ വികൃതി രചിച്ചത്. കഥാകൃത്തിന്റെ പേരു വയ്ക്കാതെയാണ് ഈ ചെറുകഥ പ്രസിദ്ധീകരിച്ചത്. സി. എസ്. ഗോപാലപ്പണിക്കർ, മൂർക്കോത്തു കുമാരൻ, ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ, അമ്പാടി നാരായണപ്പുതുവാൾ, എം. ആർ. കെ. സി., കെ. സുകുമാരൻ, ഇ. വി. കൃഷ്ണപിള്ള എന്നിവരായിരുന്നു പ്രമുഖരായ ആദ്യകാല കഥാകൃത്തുക്കൾ.

### ഒന്നാം ഘട്ടം

പത്രമാസികകളുടെ പ്രചാരമാണ് ചെറുകഥയ്ക്ക് വായനക്കാരെ സൃഷ്ടിച്ചത്. ഈ അന്തരീക്ഷം ഒട്ടേറെ എഴുത്തുകാരെ ചെറുകഥയിലേക്ക് ആകർഷിച്ചു. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, ശീവൊള്ളി നാരായണൻ നമ്പൂതിരി, പന്തളം കേരളവർമ്മ, സി. പി. അച്യുതമേനോൻ, അപ്പൻ തമ്പുരാൻ, സി. വി. കുഞ്ഞുരാമൻ, കാരാട്ട് അച്യുതമേനോൻ, തേലപ്പുറത്ത് നാരായണൻ നമ്പി, ചിത്രമെഴുത്ത് കെ. എം. വർഗീസ്, എം. രത്നം, എൻ. എം. ദാസ്, ഇ. ഐ. പങ്ങിയച്ചൻ, കണ്ണമ്പ്ര കുഞ്ഞുണ്ണിനായർ, സി. ശങ്കരവാരിയർ, പി. ജി. രാമയ്യർ, അമ്പാടി കാർത്ത്യായനി അമ്മ, വി. പാർവതിയമ്മ, ടി. സി. കല്യാണിയമ്മ തുടങ്ങി ഒട്ടേറെ എഴുത്തുകാർ ആദ്യകാലത്ത് ചെറുകഥകളെഴുതിയിരുന്നു. ഈ ആദ്യഘട്ടത്തിന്റെ ഒടുവിൽ രംഗത്തു വന്ന കഥാകൃത്തുക്കളാണ് കെ. പി. കേശവമേനോൻ, ചേലനാട്ട് അച്യുതമേനോൻ, കെ. എൻ. എഴുത്തച്ഛൻ, എസ്. രാമാവാരിയർ, സി. എ. കിട്ടുണ്ണി, പാവുണ്ണി തൈക്കാട്, വിളാവട്ടത്ത് ശങ്കരപ്പിള്ള, കെ. എസ്. മണി തുടങ്ങിയവർ.

### രണ്ടാം ഘട്ടം

1925 മുതൽ ചെറുകഥയുടെ രണ്ടാം ഘട്ടം ആരംഭിക്കുന്നു. വ്യക്തമായ സാമൂഹിക വീക്ഷണത്തോടുകൂടി എഴുതിയ ചെറുകഥകളുടെ ഘട്ടമാണത്. വി. ടി. ഭട്ടതിരിപ്പാട്, മുത്തിരിങ്ങോട് ഭവത്രാതൻ നമ്പൂതിരി, എം. ആർ. ബി തുടങ്ങിയവരുടെ കഥകളാണ് ഇതിനുദാഹരണം. 1920-കൾ മുതൽ ലോകകഥയെ പരിചയപ്പെടുത്തിയും ചെറുകഥയുടെ സൗന്ദര്യശാസ്ത്രപരമായ പ്രശ്നങ്ങൾ ചർച്ച ചെയ്തും നിരൂപകനായ കേസരി ബാലകൃഷ്ണപിള്ള പുതിയൊരു

സാഹിത്യാവബോധം മലയാളത്തിൽ സൃഷ്ടിച്ചു. ചെറുകഥയിലും നോവലിലും പരിവർത്തനം കൊണ്ടുവരാൻ ചെറിയ സഹായമല്ല കേസരി ചെയ്തത്. ഒട്ടേറെ യൂറോപ്യൻ ചെറുകഥകൾ വിവർത്തനം ചെയ്തും കേസരി മാതൃക കാണിച്ചു. ജീവൽസാഹിത്യ പ്രസ്ഥനവും പുരോഗമന സാഹിത്യപ്രസ്ഥാനവും സാഹിത്യത്തിന് പുതിയ ലക്ഷ്യബോധം പകരുകയും ചെയ്തു. ഈ പരിവർത്തന ദശയിൽ ഉയർന്നു വന്ന അഞ്ചു കഥാകൃത്തുക്കൾ മലയാള കഥയുടെ സുവർണ്ണയുഗത്തിന്റെ സ്രഷ്ടാക്കളായി മാറി. എസ്. കെ. പൊറ്റക്കാട്ട്, പി. കേശവദേവ്, തകഴി ശിവശങ്കരപ്പിള്ള, വൈക്കം മുഹമ്മദ് ബഷീർ, പൊൻകുന്നം വർക്കി എന്നിവരാണവർ.

## സുവർണ്ണകാലം

പൊൻകുന്നം വർക്കി, എസ്. കെ. പൊറ്റക്കാട്ട്, കേശവദേവ്, തകഴി, ബഷീർ എന്നീ അഞ്ചു പേരും ലളിതാംബിക അന്തർജ്ജനം, കാരൂർ നീലകണ്ഠപ്പിള്ള, ഉറൂബ് (പി. സി. കുട്ടികൃഷ്ണൻ), കെ. സരസ്വതിയമ്മ തുടങ്ങിയവരും ചേർന്നാണ് 1930- കൾക്കു ശേഷം മലയാള കഥയിലെ സുവർണ്ണയുഗം സൃഷ്ടിച്ചത്. റിയലിസത്തിന്റെ സന്ദേശമാണ് അവർ ഉയർത്തിയത്. അദ്ഭുതരസവും പരിണാമ ഗുപ്തിയും തൊലിപ്പുറമേയുള്ള ഫലിതവും നിറഞ്ഞ ആദ്യകാല കഥകളിൽ നിന്നുള്ള വമ്പൻ കുതിച്ചു ചാട്ടമാണ് ഈ തലമുറ നിർവഹിച്ചത്.ദരിദ്രമനുഷ്യരുടെ ജീവിതവും അവർ നേരിടുന്ന ചൂഷണങ്ങളും രാഷ്ട്രീയസമരവും അധികാര വിമർശനവും ഈ കഥാകൃത്തുക്കളുടെ പ്രമേയമായി. വർക്കിയുടെ മന്ത്രിക്കെട്ട്, അന്തോണീ നീയുമച്ചനായോടാ, ശബ്ദിക്കുന്ന കലപ്പ, തകഴിയുടെ വെള്ളപ്പൊക്കത്തിൽ, കേശവദേവിന്റെ ഗുസ്തി, കുൾഡ്രിങ്ക്, പ്രതിജ്ഞ, ബഷീറിന്റെ നീലവെളിച്ചം, ജന്മദിനം, ടൈഗർ, പൊറ്റക്കാട്ടിന്റെ ഒട്ടകം, ഏഴിലംപാല, കാട്ടുചെമ്പകം, നിശാഗന്ധി, കാരൂരിന്റെ മരപ്പാവകൾ, പൂവമ്പഴം, അരഞ്ഞാണം, ഉതുപ്പാന്റെ കിണർ, മോതിരം, പിശാചിന്റെ കുപ്പായം, അന്തർജനത്തിന്റെ മാണിക്കൻ, പ്രതികാരദേവത, സരസ്വതിയമ്മയുടെ പെൺബുദ്ധി, ചോലമരങ്ങൾ തുടങ്ങിയ എത്രയോ കഥകൾ ആ സുവർണ്ണഘട്ടത്തിന്റെ സ്മാരകങ്ങളായി നിലനിൽക്കുന്നു.ഒട്ടേറെ പുതിയ എഴുത്തുകാർ 1940-കളിൽ ചെറുകഥാരംഗത്തെ വികസ്വരമാക്കി. പുളിമാന പരമേശ്വരപിള്ള, നാഗവള്ളി ആർ. എസ്. കുറുപ്പ്, വെട്ടൂർ രാമൻ നായർ, പോഞ്ഞിക്കര റാഫി, ടി. കെ. സി. വടുതല തുടങ്ങിയവർ ഈ കാലഘട്ടത്തിൽ ശ്രദ്ധേയരായിത്തീർന്നു. മുട്ടത്തു വർക്കി, വൈക്കം ചന്ദ്രശേഖരൻ നായർ, ചെറുകാട്, ഐ. കെ. കെ. എം., എം. പരമേശ്വരൻ നായർ, പെരുന്ന തോമസ്, എൻ. ഗോവിന്ദൻകുട്ടി, ടാറ്റാപുരം സുകുമാരൻ, ബി.

മാധവമേനോൻ, ഡി. എം. പൊറ്റെക്കാട്ട്, സി. അച്യുതക്കുറുപ്പ്, എസ്. കെ. ആർ. കമ്മത്ത്, ഇ. എം. കോവൂർ, എം. എൻ. ഗോവിന്ദൻ നായർ, വേളൂർ കൃഷ്ണൻ കുട്ടി, പി. കെ. രാജരാജവർമ, ആനന്ദക്കുട്ടൻ, എൻ. പി. ചെല്ലപ്പൻ നായർ, പി. സി. കോരുത്, വി. ടി. നന്ദകുമാർ, സരളാരാമവർമ, എസ്. കെ. മാരാർ തുടങ്ങി ഒട്ടേറെ കഥയെഴുത്തുകാർ 1940 കൾക്കു ശേഷം ഉയർന്നു വന്നവരാണ്.

## മൂന്നാം ഘട്ടം

1950-കൾ മുതൽ ചെറുകഥ അന്നുവരെയുള്ളതിൽ നിന്നു വ്യത്യസ്തമായ വഴിയിൽ സഞ്ചരിക്കാൻ തുടങ്ങി. സാഹിത്യരൂപമെന്ന നിലയിൽ ചെറുകഥ ഏകാഗ്രവും സൂക്ഷ്മവുമായ ശില്പമായിത്തീർന്ന ഈ ഘട്ടത്തിലെ കഥകൾ ആന്തരികാനുഭവങ്ങൾക്കും മനോവൃത്തികൾക്കും പ്രാധാന്യം നൽകി. ബിംബ പ്രധാനമായ ആഖ്യാനരീതിയും പ്രാബല്യം നേടി. ഏകാകിയുടെ വേദനകൾ ആവിഷ്കരിക്കുന്ന കഥകളായിരുന്നു ഈ പുതുഭാവുകത്വത്തിലെ ശ്രദ്ധേയമായ രചനകളിൽ പലതും. എം. ടി. വാസുദേവൻ നായരുടെയും ടി. പത്മനാഭന്റെയും കഥകളാണ് ഈ ഭാവപരിവർത്തനത്തിനു തുടക്കമിട്ടത്. എം. ടി. യുടെ ബന്ധനം, വളർത്തു മൃഗങ്ങൾ, കുട്ട്യേടത്തി, ഇരുട്ടിന്റെ ആത്മാവ്, പള്ളിവാളും കാൽചിലമ്പും, ഓപ്പോള്, വാരിക്കുഴി, സുകൃതം, അജ്ഞാതന്റെ ഉയരാത്ത സ്മാരകം, വാനപ്രസ്ഥം, ഷെർലക് തുടങ്ങിയ കഥകൾ അതിപ്രശസ്തമാണ്. കടയനെല്ലൂരിലെ ഒരു സ്ത്രീ, കാലഭൈരവൻ, പ്രകാശം പരത്തുന്ന ഒരു പെൺകുട്ടി, മഖൻസിങ്ങിന്റെ മരണം, ഭയം, ഹാരിസൺ സായ്‌വിന്റെ നായ, ശേഖൂട്ടി, ഗോട്ടി, ഗൗരി തുടങ്ങിയ ഒട്ടേറെ പ്രശസ്ത കഥകളുടെ കർത്താവാണ് ടി. പത്മനാഭൻ.എൻ. പി. മുഹമ്മദ്, കെ. ടി മുഹമ്മദ്, പി. എ. മുഹമ്മദ് കോയ, സി. രാധാകൃഷ്ണൻ, കോവിലൻ, പാറപ്പുറത്ത്, ജി. എൻ. പണിക്കർ, തുളസി, നന്തനാർ, വിനയൻ, ജി. വിവേകാനന്ദൻ, ഉണ്ണികൃഷ്ണൻ പുത്തൂർ തുടങ്ങിയ ഒട്ടേറെ കഥാകൃത്തുക്കൾകൂടി ചേർന്നതാണ് മൂന്നാംഘട്ടം.

## ആധുനികത

ആധുനികതയുടെ കാലമാണ് ചെറുകഥയിലെ നാലാം ഘട്ടം. നഗരകേന്ദ്രിതമായ ആധുനിക സമൂഹത്തിൽ മാനുഷിക മൂല്യങ്ങളും മനുഷ്യസ്ഥിതിവും നേരിട്ട പ്രതിസന്ധികളും ജീവിതത്തിനുണ്ടായ അന്യവത്കരണവും ഏകാന്തതാബോധവുമൊക്കെയായിരുന്നു ആധുനികരുടെ വിഷയങ്ങൾ. ഒ. വി. വിജയൻ, മാധവിക്കുട്ടി, എം. പി. നാരായണപിള്ള, കാക്കനാടൻ, എം. മുകുന്ദൻ, സേതു, പുനത്തിൽ കുഞ്ഞബ്ദുള്ള, വി. കെ. എൻ., ടി. ആർ., കെ. പി. നിർമൽ

കുമാർ, മേതിൽ രാധാകൃഷ്ണൻ, എം. സുകുമാരൻ, പി. കെ. നാണു, യു. പി. ജയരാജ്, സി. ആർ. പരമേശ്വരൻ, സക്കറിയ, സി. വി. ശ്രീരാമൻ, പി. വത്സല, എസ്. വി. വേണുഗോപൻ നായർ, വൈശാഖൻ, മുണ്ടൂർ കൃഷ്ണൻ കുട്ടി, തുടങ്ങിയ ഒട്ടേറെപ്പേരുൾപ്പെടുന്നതാണ് ആധുനികതയുടെ തലമുറ. ഒ. വി. വിജയന്റെ എണ്ണ, അരിമ്പാറ, കടൽത്തീരത്ത്, കാറ്റു പറഞ്ഞ കഥ, മാധവിക്കുട്ടിയുടെ പക്ഷിയുടെ മണം, നാവിക വേഷം ധരിച്ച കുട്ടി, പരുന്തുകൾ, നെയ്പ്പായസം, കാക്കനാടന്റെ ശ്രീചക്രം, നിഷാദസങ്കീർത്തനം, യൂസഫ് സരായിയിലെ വ്യാപാരി, കുഞ്ഞമ്മപ്പാലം, എം. പി. നാരായണപിള്ളയുടെ ജോർജ്ജ് ആറാമന്റെ കോടതി, മുരുകൻ എന്ന പാമ്പാട്ടി, എം. മുകുന്ദന്റെ രാധ രാധമാത്രം, അഞ്ചര വയസ്സുള്ള കുട്ടി, ദൽഹി 1981 തുടങ്ങിയ കഥകൾ ആധുനിക ചെറുകഥയുടെ മികച്ച മാതൃകകളാണ്.

## ആധുനികതയ്ക്കു ശേഷം

ആധുനികതയുടെ പ്രഭാവ കാലത്തു തന്നെ അതിൽ നിന്നു വ്യത്യസ്തമായി എഴുതാൻ ശ്രമിച്ച ഒരുപറ്റം കഥാകൃത്തുക്കൾ രംഗത്തു വന്നു. വി. പി. ശിവകുമാർ, എൻ. എസ്. മാധവൻ, അയ്മനം ജോൺ, യു. കെ. കുമാരൻ, സി. വി. ബാലകൃഷ്ണൻ, സാറാ ജോസഫ്, എൻ. പ്രഭാകരൻ, അഷ്ടമൂർത്തി, ടി. വി. കൊച്ചുബാവ, വി. ആർ. സുധീഷ്, അക്ബർ കക്കട്ടിൽ, എം. രാജീവ് കുമാർ, മാനസി, ഇ. വി. ശ്രീധരൻ തുടങ്ങിയവയെല്ലാം ഈ തലമുറയിൽ ഉൾപ്പെടുന്നു. വിശാലാർത്ഥത്തിൽ ആധുനികതയുടെ ഭാഗമാണ് ഈ എഴുത്തുകാരും.

## ഉത്തരാധുനികത

1990- കൾ മുതൽ ആവിർഭവിച്ച ഭാവുകത്വത്തെയാണ് ഉത്തരാധുനികതയെന്നു വിശേഷിപ്പിക്കുന്നത്. കഴിഞ്ഞ തലമുറയിൽപ്പെട്ടവരും ഈ പുതുഭാവുകത്വ രീതി സ്വാംശീകരിച്ചു കഴിഞ്ഞിട്ടുണ്ട്. തോമസ് ജോസഫ്, വി. വിനയകുമാർ, അശോകൻ ചരുവിൽ, സുഭാഷ് ചന്ദ്രൻ, സന്തോഷ് ഏച്ചിക്കാനം, ബി. മുരളി, ഉണ്ണി ആർ. തുടങ്ങിയ ഒട്ടേറെ കഥാകൃത്തുക്കൾ ഉൾപ്പെടുന്നതാണ് ചെറുകഥയുടെ ഈ വർത്തമാനകാല തലമുറ.

കഥ

# കണ്ണീർമഴ



**ശ്രീലക്ഷ്മി എസ്**

പാടവരമ്പത്തുകൂടി സ്കൂളിലേക്ക്  പോവുകയായിരുന്നു മാളവികയും കൂട്ടുകാരും. പുള്ളിക്കുടചൂടി നാൽവരും മഴയിൽ തുള്ളിച്ചാടിക്കളിച്ചുകൊണ്ട് നടന്നു. താമരക്കുളവും, പുൽമേട്ടുകളും കടന്ന്  അവർ സ്കൂളിലെത്തി. മഴ തകർത്തുപെയ്യുക യായയയിരുന്നു. ഒട്ടും ശമനമില്ലാതെ മഴ തകർത്തുപെയ്തു. എല്ലാവരും ഭയന്നു. സ്കൂളിന് മുന്നിൽ നിന്നിരുന്ന വലിയ ആൽമരത്തിന്റെ ചില്ലകൾ ഒടിഞ്ഞുവീണു. അധ്യാപകരെല്ലാം കുട്ടികളെ എങ്ങനെ വീട്ടിലെത്തിക്കുമെന്നു ഭയന്നു. വൈകുന്നേരം മഴയ്ക്ക്  നേരിയ ശമനമുണ്ടായി. മാളവികയും കൂട്ടുകാരും വേഗം വീട്ടിലലേക്ക് നടന്നു. പാതി വഴിയായയപ്പോൾ വീണ്ടും ശക്തമായി മഴ തുടർന്നു. എന്തുചെയ്യണമെന്നറിയാതെ പാടവരമ്പുകളിൽ ഭയന്ന്  അവർ നിന്നു. പാടത്തെ വെള്ളം ഉയരുകയാണ്. ആരെയും കാണുന്നില്ല. അമ്മു നിലവിളിക്കാൻ തുടങ്ങി. എല്ലാവരും ഭയന്നുവിറച്ച് കരയുവാൻ തുടങ്ങി. ആരെയും കാണുന്നില്ല, വെള്ളം ഉയരുകയാണ്. അപ്പോഴാണ്  ഒരു രക്ഷകനെപ്പോലെ കടത്തുകാരൻ നാരായണൻ വന്നു. നാലുപേരെയും കൂട്ടി അവരുടെ വീടികളിലാക്കി. മാളവികയെ കണ്ട് അമ്മ കോരിയെടുത്ത് മുത്തം നല്കി. അയൽവീടികളിൽനിന്ന്  എല്ലാവരും വീടൊഴിയുന്നു. മാളവികയും കുടുംബവും വീടൊഴിയാൻ തയ്യാറായി. അവർ സാധനങ്ങളെല്ലാം പെട്ടിയിലാക്കി. പാടം നിറഞ്ഞ വെള്ളം പടിവരെ എത്തിയിരുന്നു. പെട്ടെന്നുതന്നെ അത്  ഉയർന്നു. എല്ലാവരും വീടിന്റെ അകത്തേയ്ക്ക് കയറി. മാളവിക തന്റെ പ്രിയപ്പെട്ട പൂച്ചയെ നെഞ്ചോടടുപ്പിച്ചു. വള്ളം വന്നു. എല്ലാവരും വള്ളത്തിൽ കയറി. ഏതെങ്കിലും ഒരു കര അവരെ കാത്തിരിക്കുന്നുണ്ട്  എന്ന പ്രതീക്ഷയോടെ, ജീവനും കയ്യിലേന്തി. പല വീടുകളും പാതി മുങ്ങിയിരുന്നു. മനോഹരമായ താമരക്കുളം കരകവിഞ്ഞ്  ചെളി നിറഞ്ഞ് വികൃതമായിരിക്കുന്നു. ആ കാഴ്ച മാളവികയുടെ കണ്ണുകൾ നനയിച്ചു. കരകാണാതെ

ആ കുടുംബം അലഞ്ഞുനടന്നു. പല ചങ്ങാടങ്ങൾ അവിടെ അവരെപ്പോലെ നടക്കുന്നുണ്ടായിരുന്നു. അവസാനം അവർ മാളുവിന്റെ അമ്മാവന്റെ വീട്ടിലെത്തി. അവിടെ ഉയർന്ന പ്രദേശമായതിനാൽ വെള്ളം എത്തിയിരുന്നില്ല. അവിടെ അഞ്ച് ദിവസം താമസിച്ചു. പിന്നീട് എല്ലാവരും വീടുകളിലേക്ക് തിരിച്ചു. എല്ലാ വീടുകളുടെയും മുറ്റത്ത് പ്ലാസ്റ്റിക് മാലിന്യങ്ങൾ നിറഞ്ഞു. പെട്ടെന്നാണ് ഒരു മിഠായി കവർ അവളുടെ ശ്രദ്ധയിൽ പെട്ടത്. തന്റെ കഴിഞ്ഞ പിറന്നാളിന് വാങ്ങിയ മിഠായി കവറും സമ്മാനപ്പൊതികളും അടങ്ങിയ ഒരു കിറ്റ് അച്ഛൻ പുഴയിലേക്ക് എറിഞ്ഞിരുന്നു. ആ കിറ്റാണ് അത്. മാളു അത് അമ്മയെ ചൂണ്ടിക്കാട്ടി. അവർ അത്ഭുതപ്പെട്ടു, തങ്ങൾ വലിച്ചെറിഞ്ഞ സാധനങ്ങൾ തങ്ങളുടെ അടുത്ത് തന്നെ. ചെളിനിറഞ്ഞ ആ പാതയിലൂടെ പോയപ്പോൾ വീണ്ടും ഒരു കാഴ്ച് മാളവികയെ അത്ഭുതപ്പെടുത്തി. മനോഹരമായ താമരക്കുളം മലിനമായി രിക്കുകയാണ്. തന്റെ വീട് പാതി മുങ്ങിയിരുന്നു. അച്ഛൻ മാളുവിനെ സഹോദരി യുടെ വീട്ടിലാക്കിയിട്ട് വീട് വൃത്തിയാക്കാൻ തുടങ്ങി. മാളുവിന്റെ പ്രിയപ്പെട്ട പൂച്ച മുകളിൽ കയറിയിരിക്കുകയായിരുന്നു. മാളു വീട്ടിൽ എത്തിയ ഉടൻ അതിനെ തിരഞ്ഞു. അവൾ അതിനെ കാണാത്തതിൽ കരയാൻ തുടങ്ങി. അപ്പോൾ മുത്തച്ഛൻ അതിനെ അവളുടെ കയ്യിൽ വെച്ചുകൊടുത്തു. വിശന്നുവലഞ്ഞ ആ പൂച്ചയുടെ ദയനീയമായ കരച്ചിൽ എല്ലാവരെയും സങ്കടപ്പെടുത്തി. പ്രകൃതിയോട് നാം ചെയ്യുന്ന ക്രൂരതയ്ക്ക് ഇരയായ ആ പൂച്ച പുതിയ കാലത്തെ ഉണർത്തുന്ന ജീവന്റെ ശബ്ദമായി മാറി.



# ഗാന്ധിജിയുടെ ഹിന്ദ് സ്വരാജ്

## “we who seek justice will have to do other


***-Mahatma Gandhi***



ആധുനിക നാഗരികതയുടെ വിമർശനവും സ്വതന്ത്ര ഇന്ത്യ എങ്ങനെയായിരി ക്കണം എന്ന ചർച്ചയുമാണ് ഗാന്ധിയുടെ ഹിന്ദ് സ്വരാജ് എന്ന പുസ്തകത്തിന്റെ കാതൽ. 1909-ൽ ലണ്ടനിൽനിന്ന് ദക്ഷിണാഫ്രിക്കയിലേക്ക് കപ്പലിൽ സഞ്ചരിക്കുമ്പോഴാണ് ഗുജറാത്തിഭാഷയിൽ ഇത് എഴുതിയത്. എഡിറ്ററും വായനക്കാരനും തമ്മിലുള്ള ചോദ്യോത്തര രൂപത്തിലാണ് പുസ്തകം. അക്കാലത്തെ സാധാരണ ഇന്ത്യക്കാരന്റെ സംശയങ്ങൾ വായനക്കാർ ചോദിക്കുന്നു. ഗാന്ധി എന്ന എഡിറ്റർ അവയ്ക്ക് മറുപടി പറയുന്നു.ധാർമിക-ആത്മീയതലങ്ങളെ അവഗണിച്ച്, ഭൗതിക സുഖസൗകര്യങ്ങൾ മാത്രം പുരോഗതിയായി കണ്ട ആധുനിക പാശ്ചാത്യ നാഗരികതയെ ഗാന്ധി വിമർശിച്ചു. ബ്രിട്ടീഷുകാരുടെ റെയിൽവേയും ഡോക്ടർ,വക്കീൽപ്പണികളും ഇതിന്റെ ഭാഗമായാണ് അദ്ദേഹം കണ്ടത് . വ്യാവസായികവിപ്ലവം സൃഷ്ടിച്ച യന്ത്രവത്കരണത്തെ എതിർത്ത ഗാന്ധി, പ്രകൃതിയെ അമിതമായിചൂഷണംചെയ്യാത്ത വ്യത്യസ്തമായൊരു വികസന സങ്കൽപ്പമാണ് മുന്നോട്ടുവച്ചത്.

എന്താണ് സ്വരാജ് എന്ന് വ്യക്തമാക്കുന്നതിലൂടെ സ്വതന്ത്രഇന്ത്യക്ക് ഒരു മാനിഫെസ്റ്റോ തയ്യാറാക്കുകയായിരുന്നു ഗാന്ധി. അഹിംസയിൽ അധിഷ്ഠിതവും ഗ്രാമകേന്ദ്രീകൃതവുമായ ഒരു ഭാവി ഇന്ത്യയെയാണ് അദ്ദേഹം വിഭാവന ചെയ്തത്. ലക്ഷ്യവും മാർഗവും തമ്മിൽ അഭേദ്യബന്ധമുണ്ടെന്ന് പറഞ്ഞ ഗാന്ധി, സ്വാതന്ത്ര ത്തിനായുള്ള സമരം അഹിംസയിൽ അടിയുറച്ചതായിരിക്കണം എന്ന് ആവർത്തി ക്കുന്നു. ബലപ്രയോഗത്തെക്കാൾ സ്നേഹത്തിനും സഹനത്തിനും ശക്തിയുണ്ടെന്ന് ഗാന്ധി.ബ്രിട്ടീഷുകാരുടെ സാമ്പത്തികചൂഷണം അവസാനിപ്പിക്കാൻ,അവരുമായു ള്ളഎല്ലാവാണിജ്യ-വ്യപാരബന്ധങ്ങളും ഉപേക്ഷിക്കാൻ അദ്ദേഹം നിർദേശിക്കുന്നു. ഭരിക്കപ്പെടാൻ ഇന്ത്യക്കാർ സ്വയം അനുവദിക്കുമ്പോൾ മാത്രമെ ബ്രിട്ടീഷുകാർക്ക് ഭ രിക്കാനാകൂ.അകമേ സ്വതന്ത്രരാകുമ്പോൾ,എല്ലാ അടിമത്തവും അവസാനിക്കുന്നു. വ്യത്യസ്ത മതങ്ങൾ,ഒരേസ്ഥലത്ത് എത്തിച്ചേരുന്നവ്യത്യസ്തവഴികൾപോലെയാണ്.

# കവിത



സെലിൻ റോസ് ജാക്ക്

## പ്രകൃതി എന്റെ അമ്മ

ഭൂമിയാകുന്ന അമ്മതൻ കൈത്തട്ടിൽ
ആടിക്കളിച്ചുതിമിർത്തുവളർന്നു ഞാൻ
ചോദിച്ചതെന്തും ഒരിയ്യലും കൂടാതെ
അമ്മ എനിക്കായി പങ്കുവെച്ചു

അത്യാഗ്രഹത്തിലെൻ മോഹങ്ങൾ കൊണ്ട് ഞാൻ
എന്നമ്മയെ വെറും വ്യർത്ഥമാക്കി
അമ്മയെ വഞ്ചിച്ച് വഞ്ചിച്ച്
ഞാനാരണ്ടക്ഷരങ്ങളെ വ്യർത്ഥമാക്കി

അമ്മയാം വാക്കിന്റെ അർത്ഥം അതറിയാനായ്
നാളുകൾ പലതും കഴിഞ്ഞുവല്ലോ
അമ്മയെ വെട്ടി നശിപ്പിച്ചു ഞാനെൻ
അമ്മയെ കത്തിച്ചു ചാമ്പലാക്കി

അമ്മതൻ കണ്ണുനീർ വീണു നനഞ്ഞ
ആ മണ്ണിൽ തന്നെ എന്നെ സംസ്കരിക്കും
ഞാൻ ചെയ്തതിനൊന്നും എന്നമ്മ
എന്നോട് ഇതുവരേയും ചോദിച്ചതില്ല

# വാളയാർ സഹോദരിമാർക്ക് വേണ്ടി

കേരളം എന്ന് കേട്ടാൽ കോരിതരിക്കണം ഞരമ്പുകളിൽ രക്തം. സാക്ഷരതയിൽ ഒന്നാമത് മനുഷ്യത്വത്തിൽ അവസാനം സ്ത്രീത്വത്തിന് വിലകൽപ്പിക്കാത്ത നാട്. ഒരു സ്ത്രീക്ക് ജനനം മുതൽ മരണം വരെ അടിമസ്ഥാനം കൽപ്പിക്കുന്നു. ദൈവത്തിൻെറ സ്വന്തം നാട് എന്ന വിളിപ്പേര് മാത്രം. വാളയാർ സഹോദരിമാർക്ക് സംഭവിച്ചത് കേരളത്തിലെ ഓരോ സ്ത്രീകൾക്കും ഭീഷണിയായിരിക്കുന്നു. ഒരു സ്ത്രീ ജനിച്ച് വീഴുമ്പോൾ തൊട്ട് മരണം വരെ വേദന സഹിക്കുന്നു. എന്നാൽ കാമത്തിൻെറ കണ്ണുകളിൽ നോക്കുന്ന പല ആണങ്ങൾക്കും സ്ത്രീയ്ക്ക് ഒരു മനുഷ്യസ്ഥാനം പോലും കൽപ്പിക്കാനാവുന്നില്ല. ആ രണ്ട് സഹോദരിമാർക്കും സംഭവിച്ചത് നമ്മുടെ അമ്മ പെങ്ങന്മാർക്ക് സംഭവിക്കരുത്.



# പഴഞ്ചൊല്ലുകൾ

1 അകലത്തെ ബന്ധുവിനേക്കാൾ അരികത്തെ ശത്രു നല്ലത്

2. അച്ഛനിച്ഛിച്ചതും വൈദ്യൻ കൽപ്പിച്ചതും പാല്

3. അടിതെറ്റിയാൽ ആനയും വീഴും

4. അടിസ്ഥാനമുറച്ചേ ആരൂഢമുറയ്ക്കൂ

5. അണ്ണാൻ കുഞ്ഞും തന്നാലായത്

6. അത്താഴം മുടക്കാൻ നീർക്കോലി മതി

7. അധികമായാൽ അമൃതും വിഷം

8. അമ്മയ്ക്ക് പ്രാണവേദന മകൾക്ക വീണവായന

9. അഴകുള്ള ചക്കയിൽ ചുളയില്ല

10. ആടറിയുമോ അങ്ങാടിവാണിഭം

11. ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട

12. ഗതികെട്ടാൽ പുലി പുല്ലും തിന്നും

13. കാക്കയ്ക്ക് തൻ കുഞ്ഞു പൊൻകുഞ്ഞ്


14. കാക്ക കുളിച്ചാൽ കൊക്കാകുമോ

15. പാപി ചെല്ലുന്നിടം പാതാളം

16. പൊന്നുരുക്കുന്നിടത്ത് പൂച്ചയ്ക്ക് എന്തുകാര്യം

17. സദ്യ മറന്നാലും പട്ടിണി മറക്കില്ല

18. ഉള്ളിലൊന്ന് നാക്കിലൊന്ന് കൈയിലൊന്ന്



# IT QUIZ

1. Who invented Compact Disk ?
2. Which day is celebrated as World Computer Literacy Day ?
3. Who invented Java ?
4. Longhorn was the codename of what ?
5. What is mean by Liveware ?
6. What is Beta Test ?
7. 'Do no evil'is tag line of _______ ?
8. What is the extension of PDF ?
9. The developer of Difference engine ?
10. World's first microprocessor is _______ ?
11. What is SQL ?
12. What is the expansion of SMS ?
13. Email was developed by ________ ?
14. What is Scareware ?
15. Which was the first smartphone ?
16. Who is considered as the father of artificial intelligence ?
17. The world's first successful electronic computer ?
18. Which was the first virus detected on ARPANET , the forerunner of the internet in the early 1970s ?
19. First search engine in internet ?
20. First web browser invented in 1990 ?

# I T QUIZ -ANSWERS

1. James T Russel
2. December 2
3. James A Gosling
4. Windows Vesta
5. People who work with computer
6. Trial test of a computer or software before the commercial launch
7. Google
8. Portable Document Format
9. Charles Babbage
10. Intel 4004
11. Stuctured Query Language
12. Short Message Service
13. Raymond Samuel Tamilson
14. Fake antivirus software
15. IBM Simon
16. John McCarthy
17. ENIAC -Electronic Numerical Integrator and Computer
18. Creeper Virus
19. Archie
20. Nexus

# പ്രവർത്തന റിപ്പോർട്ട്

ഹൈടെക് സ്കൂളുകളിലെ ഐ ടി കുട്ടികളുടെ കൂട്ടായ്മയായ ലിറ്റിൽകൈറ്റ്സ് അതിന്റെ രണ്ടാമത്തെ വാർഷികത്തിലേക്ക് കടന്നിരിക്കുകയാണ്.2019 അദ്ധ്യയന വർഷത്തിൽ ലിറ്റിൽ കൈറ്റ്സ് കുട്ടികളുടെ പ്രവർത്തന വർഷ ഉദ്ഘാടനം. ജൂൺ 12 ബുധനാഴ്ച, ബഹു: ഹെഡ്മാസ്റ്റർ ഫാദർ തോമസ് അലക്സാണ്ടർ സി.എം.ഐ സ്കൂൾ അസംബ്ലിയിൽ നിർവഹിച്ചു.തുടർന്ന് ജൂൺ 14 ന് വെള്ളിയാഴ്ച 9-ാം ക്ലാസ്സ് വിദ്യാർത്ഥികൾക്കുള്ള ഏക ദിന ശില്പ ശാല നടത്തുകയുണ്ടായി. ഈ ക്ലാസ്സുകൾക്ക് നേതൃത്വം കൊടുത്തത് മിസ്റ്റർ ട്രെയിനറായ ശ്രീ ഋഷി നടരാജനും ആണ്. അന്നേദിവസം യൂണിറ്റ് ലീഡർമാരായി, മാസ്റ്റർ എബി ഷൈജുവിനെയും, കുമാരി ദേവിക കെ യെയും തിരഞ്ഞെടുത്തു. തുടർന്ന് എല്ലാ ബുധനാഴ്ചകളിലും വൈകുന്നേരം നാല് മുതൽ അഞ്ച് മണി വരെയുള്ള ക്ലാസ്സുകൾ കൃത്യമായി നടന്നുവരുന്നു. സെപ്റ്റംബർ 2-ാം തീയതി ഓണാഘോഷവുമായി ബന്ധപ്പെട്ട ഡിജിറ്റൽ പൂക്കളമത്സരം നടത്തുകയുണ്ടായി. കൂടാതെ സെപ്റ്റംബർ 28 ന് സ്കൂൾതല ഏകദിന ക്യാമ്പ് നടത്തി. ഏഴ് കുട്ടികളെ ഉപജില്ലാ ക്യാമ്പിലേയ്ക്ക് തിരഞ്ഞെടുത്തു. ലിറ്റിൽ കൈറ്റ്സ് കുട്ടികളുടെ നേതൃത്വത്തിൽ എല്ലാ അദ്ധ്യാപകർക്കും ക്ലാസ് ലീഡേഴ്സിനുമായി ഒരു മണിക്കൂർ സമയത്തെ ഹൈടെക് ബോധവത്കരണ ക്ലാസ് 4-7-2019, വ്യാഴാഴ്ച നടത്തുകയുണ്ടായി. ഒക്ടോബർ മാസം അഞ്ചാം തീയതി ശനിയാഴ്ച രാവിലെ 11 മണി മുതൽ ഒരു മണി വരെ അമ്മമാർക്കുവേണ്ടിയുള്ള 'വിശേഷാൽ P.T.A' നടത്തുകയുണ്ടായി.ശ്രീമതി. മിനി വർഗ്ഗീസ്. കെ, സിസ്റ്റർ സിമി മാത്യു എന്നിവർ ക്ലാസ്സുകൾ കൈകാര്യം ചെയ്തു.



കുട്ടികളുടെ പഠനത്തിൽ അമ്മമാർക്ക് ഒരു പരിധിവരെ അവരെ സഹായിക്കാൻ സാധിക്കും എന്ന ആത്മവിശ്വാസം ഉണ്ടാക്കിയെടുക്കുന്നതതിന് ഈ ക്ലാസ് ഉപകരിച്ചു. ക്ലാസ് മുറികളിലെ വിരസത ഒഴിവാക്കി പഠനം ഉല്ലാസപ്രദമാക്കുന്നതി

നായി പത്താം ക്ലാസ് കുട്ടികൾക്ക് ഒക്ടോബർ 9 മുതൽ 13-ാം തീയതി വരെ പഠനപര്യടനയാത്ര നടത്തുകയുണ്ടായി. ഒക്ടോബർ 15,16 തീയതികളിൽ എബി വി എച്ച് എസ് എസ് ആര്യക്കരയിൽ വെച്ച് നടന്ന സബ് ജില്ലാ ശാസ്ത്ര, ഗണിതശാസ്ത്ര, ഐ.ടി മേളയിൽ വിവിധ ഇനങ്ങളിൽ കുട്ടികൾ മത്സരിക്കുകയും ഐടി മേളയിൽ ഏറ്റവും കൂടുതൽ പോയിന്റുകളോടെചേർത്തല സബ്ജില്ലയിൽ നമ്മുടെ സ്കൂൾ ഒന്നാംസ്ഥാനം കരസ്ഥമാക്കുകയും ചെയ്തു.സ്ക്രാച്ച് പ്രോഗ്രാമിംഗ് വിഭാഗത്തിൽ ഗോകുൽരാജ് എൻ ജെ "എ" ഗ്രേഡ് രണ്ടാം സ്ഥാനം, ആനിമേഷൻ വിഭാഗത്തിൽ സെസിൽ സാബു "എ" ഗ്രേഡ് ഒന്നാംസ്ഥാനം, മലയാളം ടൈപ്പിംഗ് വിഭാഗത്തിൽ ശ്രീജേഷ്കൃഷ്ണ സി ജെ "എ" ഗ്രേഡ് രണ്ടാം സ്ഥാനം,ഐ ടി ക്വിസ് വിഭാഗത്തിൽ ഗോകുൽകൃഷ്ണ എ "എ" ഗ്രേഡ് ഒന്നാം, ഡിജിറ്റൽ പെയിന്റിംഗിൽ സന്ദീപ് കേശവ് "ബി" ഗ്രേഡും കരസ്ഥമാക്കി സ്കൂളിന്റെ യശസ്സുയർത്തി.

ഗോകുൽരാജ് എൻ ജെ



സ്ക്രാച്ച് പ്രോഗ്രാമിംഗ് എ ഗ്രേഡ്



സെസ്സിൽ സാബു

പ്രോഗ്രാമിംഗ് എ ഗ്രേഡ്



ശ്രീജേഷ്കൃഷ്ണ സി ജെ

മലയാളംടൈപ്പിഗ് എ ഗ്രേഡ്



ഗോകുൽകൃഷ്ണ എ

ഐ ടി ക്വിസ് എ ഗ്രേഡ്



സന്ദീപ് കേശവ്

ഡിജിറ്റൽ പെയിന്റിംഗ് ബി ഗ്രേഡ്



# THE STORY OF ELECTRICITY

It was the English scientist 'William Gilbert' who introduced the term 'Electricity'.He is also credited with being the first to make scientific observations on frictional electricity.

## CHARGED EXPERIMENTS

It is said that the scientists in the past used electric charges to study the nature of 'Electricity'.One of the earliest instruments that helped in generating electric charges was the electrostatic generator ,developed by 'Francis Hauksbee'

## ALMOST EVERYTHING!

American inventor 'Thomas Alva Edison'is created to have made more than 2000 inventions ,including almost everything that we now use in our houses related to electricity-switches,fuses,electricity meters etc.

## HIGH SPEED ELECTRICITY..

Scientists have proved that electricity travels at the speed of light.That would be more than 28,51,02,627 meters per second!

## THE BIGGEST SOURCE!

Coal is the biggest source of energy for producing electricity.Burning coal is furnances heats water until it generates steam.It is then used to drive turbines to produce electricity.

## WAR OF CURRENTS..

In the late 1880's,there was a rivalry between 'Thomas Alva Edison',the developer of direct current, Nikola Tesla, who developed the alternating current.This fight over supremacy of currents is popularly known as War of current.

# LIGHTNING FACTS..

The fear of lightning is commonly known as asraphobia.Something which many of us have. The science of lightning is called fulminology.

## GREEK PHILOSOPHER

Thales of Miletus is known to be the first person to conduct an experiment on electricity obtained by rubbing pieces of amber.He did this around 600 BC.

## FIRST FOUR

The sewing machine,fan,kettle,and toaster were the first four domestic items to be powered by electricity.

## THE ONLY ONE

Iceland is the only country in the world where electricity is produced entirely by renewable sources.




# ആവർത്തന പട്ടിക

150-ാം ആവർത്തനപ്പട്ടിക വർഷമാണ് 2019. ലോകത്തെ പ്രശസ്തമായപട്ടിക ഏതാണെന്ന ചോദിച്ചാൽ ഇത്തരം പറയാൻ സംശയിക്കണ്ട രാസമൂലകങ്ങളുടെ പീരിയോടിക് ടേബിൾ തന്നെ!അറിയപ്പെടുന്ന 118 മൂലകങ്ങൾ പട്ടികയാണെന്ന് ലളിതമായ് പറയാം അത് മാത്രമാണോ? അല്ല അതിലും വലിയ മാനങ്ങൾ ഇതിനുണ്ട്. പീരിയോടിക് ടേബിൾ എന്ന ആവർത്തനപ്പട്ടിക യിലുണ്ട്. യഥാർത്ഥത്തിൽനമ്മൾ നോക്കുന്നത് മഹാപ്രപഞ്ചത്തിലെ അറിയപ്പെടുന്ന മുഴുവൻ ആറ്റങ്ങളിലേക്കുമാണ് മുഴുവൻ മൂലകങ്ങളിലേക്കുമാണ്!


വിശാലമായ അർഥത്തിൽ, പുതിയ വാതായനം പ്രപഞ്ചത്തിലേക്ക് തുറന്ന്തരുകയാണ് പീരിയോടിക്ടേബിൾ ചെയ്യുന്നതെന്ന്സാരം. ആധുനിക രസതന്ത്രത്തിൻെറ മൂലക്കല്ലായി മാറിയ ഈ പട്ടിക കണ്ടെത്തിയിട്ട് 150 വർഷം തികയുന്നു. തീർച്ചയായും ഇത് ആഘോഷിക്കേണ്ട സംഗതിയാണ്. 2019-നെ 'അന്താരാഷ്ട്ര പീരിയോഡിക്കൽ ടേബിൾ വർഷം '(IYPT2019) ആയി യു.എൻ. ആചരിക്കുന്നത് അതുകൊണ്ടാണ്.

ജീവശാസ്ത്രത്തിന്റെ കാര്യത്തിൽ ചാൾസ് ഡാർവിനും ജനിതകശാസ്ത്രത്തിൽ ഗ്രിഗർമെൻഡലും എന്താണോ ചെയ്തത്, അവയ്ക്ക് സമാന്തരമായ മുന്നേറ്റമാണ് പീരിയോഡിക് ടേബിൾ വഴി റഷ്യൻ രസതന്ത്രജ്ഞൻ ദിമിത്രി ഇവാനോവിച്ച് മെൻഡലീഫ് 1869-ൽ കെമിസ്ട്രിയുടെ കാര്യത്തിൽ നടത്തിയതെന്ന് വിലയിരുത്തപ്പെടുന്നു. ഈ പ്രാധാന്യം കണക്കിലെടുത്താണ്, 2017 ഡിസംബർ 20-ന് നടന്ന യു. എൻ. പൊതുസഭയുടെ 72-ാം സമ്മേളനം പീരിയോഡിക് ടേബിളിന്റെ വർഷമായി 2019 ആചരിക്കാൻ തീരുമാനിച്ചത്.

യുനെസ്കോയ്ക്കാണ് ചുമതല. 'ആധുനിക ശാസ്ത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ടതും സ്വാധീനം ചെലുത്തിയതുമായ മുന്നേറ്റങ്ങളിൽ ഒന്നാണ് പീരിയോഡിക് ടേബിളിന്റെ കണ്ടെത്തൽ. രസന്ത്രത്തിന്റെ മാത്രമല്ല, ഭൗതികശാസ്ത്രം,ജീവിതശാസ്ത്രം,ഉൾപ്പെടെമറ്റ് പഠനമേഖലകളുടെയും അന്തസത്ത പ്രതിഫലിക്കുന്ന കണ്ടുപിടുത്തമാണിത്. പീരിയോഡിക് ടേബിളിനെപ്പറ്റി യുനെസ്കോ അറിയിപ്പിൽ പറയുകയാണ്-എല്ലാത്തിന്റെയും സത്ത ഗ്രഹിക്കുകയാണ് അതിന്റെ ലക്ഷ്യം.'അന്താരാഷ്ട്ര പീരിയോഡിക് ടേബിൾ വർഷം 2019 ഫെബ്രുവരി 1-ന് പാരിസിൽ ഉദ്ഘാടനം ചെയ്യവേ, യുനെസ്കോ ഡയറക്ടർ ജനറൽ ഔഡ്രേയ് അസോലേയ് പറഞ്ഞു.



150 വർഷം മുമ്പ് മെൻഡലീഫ് ആവിഷ്കരിച്ച പീരിയോഡിക് ടേബിൾ ഇന്ന് ഏറെ മാറിയിട്ടുണ്ടെങ്കിലും, മൗലികതലത്തിൽ അത് ഗവേഷകനെ ഇപ്പോഴും ഓർമിപ്പിക്കുന്നു. അദ്ദേഹത്തോടുള്ള ബഹുമാനാർത്ഥം പീരിയോഡിക് ടേബിളിലെ 101-ാം മൂലകത്തിന് 'മെൻഡലീവിയം'എന്ന് പേര് നൽകി. 1906-ൽ നൊബേൽ പുരസ്കാരത്തിന് പരിഗണിച്ചെങ്കിലും ഒരു വോട്ടിന് മെൻഡലീഫ് ഔട്ടായി. അതിനടുത്ത തവണ നൊബേൽ ലഭിച്ച പലരേയും ഇപ്പോൾ ആർക്കും ഓർമയില്ല. പക്ഷേ, മെൻഡലീഫും പീരിയോഡിക് ടേബിളും കാലത്തെ അതിജീവിച്ച് മുന്നേറുന്നു.



| | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 H | | | | | | | | | | | | | | | | | 2 He |
| 3 Li | 4 Be | | | | | | | | | | | 5 B | 6 C | 7 N | 8 O | 9 F | 10 Ne |
| 11 Na | 12 Mg | | | | | | | | | | | 13 Al | 14 Si | 15 P | 16 S | 17 Cl | 18 Ar |
| 19 K | 20 Ca | 21 Sc | 22 Ti | 23 V | 24 Cr | 25 Mn | 26 Fe | 27 Co | 28 Ni | 29 Cu | 30 Zn | 31 Ga | 32 Ge | 33 As | 34 Se | 35 Br | 36 Kr |
| 37 Rb | 38 Sr | 39 Y | 40 Zr | 41 Nb | 42 Mo | 43 Tc | 44 Ru | 45 Rh | 46 Pd | 47 Ag | 48 Cd | 49 In | 50 Sn | 51 Sb | 52 Te | 53 I | 54 Xe |
| 55 Cs | 56 Ba | 57 La | 72 Hf | 73 Ta | 74 W | 75 Re | 76 Os | 77 Ir | 78 Pt | 79 Au | 80 Hg | 81 Tl | 82 Pb | 83 Bi | 84 Po | 85 At | 86 Rn |
| 87 Fr | 88 Ra | 89 Ac | 104 Rf | 105 Ha | 106 Sg | 107 Ns | 108 Hs | 109 Mt | 110 110 | 111 111 | 112 112 | | | | 116 116 | | 118 118 |

| | f | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Lanthanides | 58 Ce | 59 Pr | 60 Nd | 61 Pm | 62 Sm | 63 Eu | 64 Gd | 65 Tb | 66 Dy | 67 Ho | 68 Er | 69 Tm | 70 Yb | 71 Lu |
| Actinides | 90 Th | 91 Pa | 92 U | 93 Np | 94 Pu | 95 Am | 96 Cm | 97 Bk | 98 Cf | 99 Es | 100 Fm | 101 Md | 102 No | 103 Lr |

# SONG OF THE RAIN



KHALILGIBRAN

I  am  dotted silver threads dropped from heaven
By the Gods. Nature take me, to adorn
Her field and valley.
I am beautiful pearls, pluked from the
Crown of Ishtar by the daughter of Dawn
To embellish the gardens.
When I cry, the hill laugh;
When I humble myself, the flower rejoice;
When I bow, all things are elated.
The field and the cloud are lover
And between them I am a messenger of mercy.
I quanch the thrist of one;
I cure the ailment of the other.
The voice of thunder declares my arrival;
The rainbow announces my departure
Iam like earthly life which begins at
The feet of the mad elements and ends

Under the upraised wings of death
emerge from the heart of the sea
soar with breeze . When I see a field in
Need I descend and embrace the fiower andI
touchgently at the windows with my
Soft fingers, and my announcement is a
Welcome song. All car hear, but only
The sensitive can understand.
The heat in the air give birth to me,
But in turn I kill it,
As women overcome man with
The strength overcome man with
I am the sigh of the sea;
The laughter of the field;
The tears of heaven.
So with love-
Sighs from the deep sea of affection;
Laughter from the colourful field of the spirit;
Tears from the endless heaven of memories.

Collected BY

**BLESSEN BINU**

# ചിത്രശാല



അമ്മക്കിളി



സ്വച്ഛ് ഭാരത് മിഷൻ



മാതൃശാക്തീകരണം

സംഘനൃത്തം



